(ഇ) എങ്കിൽ എന്നാണ് റിപ്പോർട്ട് ലഭിച്ചിട്ടുള്ളത് ; അതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ ;

(എഫ്) ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ ;

(ജി) ഉപസംവരണം പുന:സ്ഥാപിച്ച് സാമൂഹ്യനീതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്ന കാര്യം ഈ ഗവൺമെന്റിന് അനുഭാവപൂർവ്വം പരിഗണിക്കാമോ ?

ഉത്തരം

(എ) പട്ടികജാതിക്കാരുടെ ഉപസംവരണ വ്യവസ്ഥ പുന:സ്ഥാപിക്കുവാൻ വേണ്ടിയുള്ള ആവശ്യത്തിന്മേൽ അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചുവരികയാണ്.

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) 30-1-1996 മുതലാണ് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നത്.

(ഡി&ഇ) ലഭ്യമായിട്ടില്ല.

(എഫ്) ഉപസംവരണം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് കിർത്താഡ്സ് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രവേശന പരീക്ഷയ്ക്കുവേണ്ടി അപേക്ഷ സമർപ്പിക്കുന്ന പട്ടിക വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസ പശ്ചാത്തലത്തെക്കുറിച്ച് കഴിഞ്ഞ നാലുവർഷമായി വിവരശേഖരണം നടത്തിവരുന്നു. പതിനായിരത്തിൽപ്പരം വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ അപേക്ഷാഫാറത്തിൽ നൽകിയിരിക്കുന്ന വിവരങ്ങളാണ് പരിശോധനയ്ക്ക് എടുത്തിട്ടുള്ളത്. ഇതു കൂടാതെ കിർത്താഡ്സ് നടത്തിയിട്ടുള്ള സമുദായ നിർണ്ണയ പഠനങ്ങൾ വ്യക്തിഗത അന്വേഷണങ്ങൾ, പ്രാകൃത ഗോത്ര വർഗ്ഗക്കാരെക്കുറിച്ചുള്ള പഠനങ്ങൾ തുടങ്ങിയവയിൽ നിന്നും ശേഖരിച്ച വിവരങ്ങൾ കൂടി റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നുണ്ട്. സാമ്പിൾ സർവ്വേ പ്രകാരം ഏകദേശം എല്ലാ സമുദായക്കാരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഇക്കാരണങ്ങളാണ് കാലതാമസം നേരിടുന്നത്.

(ജി) കിർത്താഡ്സിന്റെ പഠന റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതി

55 (56) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത മോഡണൈസേഷൻ ഓഫ് മദ്രസാ എഡ്യൂക്കേഷൻ പദ്ധതിക്കുവേണ്ടി കേന്ദ്ര സർക്കാർ നാളിതുവരെ എന്ത് തുക ഗ്രാന്റായി അനുവദിച്ചു ;

(ബി) ഇതിൽ എന്തു തുക ചെലവഴിച്ചു ;

(സി) ഈ ആവശ്യത്തിലേയ്ക്ക് ചെലവഴിക്കാതെ തുക ലാപ്സാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എങ്കിൽ എത്ര ;

(ഇ) ഈ ഫണ്ട് ഉപയോഗിക്കാതിരിക്കാൻ ഉണ്ടായ കാരണം എന്ത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതിയിൻ കീഴിൽ കേന്ദ്ര സർക്കാരിൽ നിന്നും 12,76,800 രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്.

(ബി) ഈ തുക മുഴുവനും തെരഞ്ഞെടുക്കപ്പെട്ട 42 മദ്രസകൾക്ക് വിതരണം ചെയ്യുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(ഡി&ഇ) ഉദിക്കുന്നില്ല.

കാസർഗോഡ് താലൂക്കിലെ ചില ഭാഗങ്ങൾ കർണ്ണാടകത്തിന് വിട്ടുകൊടുക്കണമെന്ന പ്രശ്നം

56 (57) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് താലൂക്കിലെ കന്നട സംസാരിക്കുന്ന ജനങ്ങൾ നിവസിക്കുന്ന ഭാഗങ്ങൾ കർണ്ണാടകത്തിനു വിട്ടുകൊടുക്കണമെന്ന പ്രശ്നം സമീപകാലത്ത് ആരെങ്കിലും ഉന്നയിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയ പ്രവർത്തകൻ കർണ്ണാടക മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തതായി ഗവൺമെന്റിന് അറിവുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇപ്രകാരം നിവേദനം നൽകിയത് ആരാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉന്നയിച്ചതായി ഔദ്യോഗികമായി അറിവില്ല.

(ബി) നിവേദനം നൽകിയതായി അറിവില്ല.

(സി) ബി. പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

കാർഗിൽ ജവാൻമാർക്കുള്ള സഹായം

57 (58) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഗിൽ യുദ്ധത്തെ തുടർന്ന് കാർഗിൽ ജവാൻമാരെ സഹായിക്കുന്നതിനായി മുഖ്യമന്ത്രിയുടെ നിധിയിലേക്ക് എന്തു തുക പിരിഞ്ഞു കിട്ടി ;

LIBRARY ARCHIVES Kerala Legislative Assembly